**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **02.03.2017-ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 1410**

**അക്ഷരസാഗരം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീ. എൽദോ എബ്രഹാം**<br>**ശ്രീ. കെ. രാജൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് 'അക്ഷരസാഗരം' എന്ന പേരിൽ തീരദേശ സാക്ഷരതാ പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 1. തീരദേശ മത്സ്യ മേഖലയിലെ നിരക്ഷരർ<br>2. നവസാക്ഷരർ<br>3. വിവിധ കാരണങ്ങളാൽ പഠനം നിർത്തി സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ<br>4. ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർ<br>5. നാലാംതരം വിജയിക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുല്യതാപരീക്ഷകൾ നടത്തി യോഗ്യരായവർക്ക് സർട്ടിഫിക്കറ്റ് നൽകുമോ; | (സി) | നൽകുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്? | (ഡി) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ ഗുണഭോക്താക്കളേയും പ്രേരക് മാരെയും പഞ്ചായത്തിലെ കോ-ഓഡിനേറ്റർമാരേയും കണ്ടെത്തുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ ഭാഗമായ സാക്ഷരതാ പരിപാടിയും നാലാം തരം തുല്യതയുമുള്ള പഠിതാക്കൾക്ക് ആവശ്യമായ പുസ്തകങ്ങൾ 2 ദിവസം നീണ്ടുനിന്ന ശില്പശാല സംഘടിപ്പിച്ച് തയ്യാറാക്കുകയുണ്ടായി. ഇതിനായി വിവിധ ജില്ലകളിൽ നിന്നും റിസോഴ്സ് പേഴ്സൺമാർ പങ്കെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവിത സ്പർശിയായ തരത്തിൽ പഠന പുസ്തകങ്ങൾ തയ്യാറാക്കപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം 2017 ജനുവരി 31 ന് തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴിൽ നിർവ്വഹിക്കുകയും ഉണ്ടായി. |

സെക്ഷൻ ഓഫീസർ